<u>വളരെ അത്യാവശ്യം</u>

"ഭരണഭാഷ-മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

നമ്പർ.ഡിറ്റി/1517/17-ഐ 2

ട്രെയിനിംഗ് ഡയറക്ടറേറ്റ്

തൊഴിൽ ഭവൻ, വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി:**11/12/2020**

ട്രെയിനിംഗ് ഡയറക്ടർ,

എല്ലാ സർക്കാർ ഐടിഐ പ്രിൻസിപ്പാൾമാർക്കും
(നോഡൽ ഐടിഐ ഒഴികെ)

സർ,

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്-പ്ലാനിംഗ്-നൈപുണ്യ കർമ്മസേന രൂപീകരിക്കുന്നത് -സംബന്ധിച്ച്.

* * * *

സംസ്ഥാനത്തെ ഐ ടി ഐ ജീവനക്കാരുടെയും ട്രെയിനികളുടെയും നൈപുണ്യ ശേഷിയും സാങ്കേതിക ജ്ഞാനവും സാമൂഹിക ആവശ്യത്തിനായി പ്രയോജനപ്പെടുത്തുന്നതിന് നൈപുണ്യ കർമ്മ സേന ഒരു സ്ഥിരം സംവിധാനമായി മാറേണ്ടതുണ്ട്. ഓരോ ഐ ടി ഐ യിലും ഒരു ട്രേഡിൽ കുറഞ്ഞത് 5 ട്രെയിനികളെങ്കിലും ഉൾപ്പെടുന്ന നൈപുണ്യ കർമ്മസേനയാണ് രൂപീകരിക്കേണ്ടത്.**കാർപെന്റർ, ഇലക്ട്രീഷ്യൻ, വയർമാൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക്, ടെക്നീഷ്യൻ പവർ ഇലക്ട്രോണിക്സ് സിസ്റ്റം, മെക്കാനിനക് കൺസ്യൂമർ ഇലക്ട്രോണിക്സ് അപ്ലയിൻസിസ്, പ്ലംബർ, വെൽഡർ, മെക്കാനിക് റെഫ്രിജറേഷൻ എയർ & കണ്ടീഷനിംഗ്** തുടങ്ങിയ ട്രേഡുകളിലെ ട്രെയിനികൾക്ക് ആയിരിക്കണം നൈപുണ്യകർമ്മ സേനയിൽ അംഗത്വം നൽകേണ്ടത്.

പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ /സർക്കാർ ആശുപത്രികൾ, സർക്കാർ സ്കൂളുകൾ/ഓഫീസുകൾ, അംഗനവാടികൾ സർക്കരിന്റെ സാമ്പത്തിക സഹായത്തോട്ടുകൂടി നിർമ്മാണം പൂർത്തീകരിച്ച ഭവനങ്ങളിലെ പ്ലംബിംഗ് ഇലക്ട്രിക് തകരാറുകൾ പരിഹരിക്കൽ, പട്ടികജീതി/പട്ടികവർഗ്ഗകോളനികളിലെ

വൈദ്യുതീകരണവും, അനുബന്ധ പ്രവർത്തനങ്ങളും , പബ്ലിക് ലൈബ്രറികളിലെ ഇലക്ട്രിക്കൽ, കാർപെന്ററി തകരാറുകൾ പരിഹരിക്കൽ പൊതുസമൂഹത്തിന് പ്രയോജനപ്പെടുന്ന മറ്റ് പദ്ധതികൾ എന്നിവയാണ്. നൈപുണ്യ കർമ്മസേനയുടെ പ്രവർത്തന മേഖലകൾ ആയി നിശ്ചയിച്ചിട്ടുള്ളത്.

നിലവിൽ സംസ്ഥാനത്തെ 14 നോഡൽ ഐടിഐകളിൽ നൈപുണ്യ കർമ്മസേനയുടെ യൂണിറ്റുകൾ രൂപീകരിച്ച് ഇതിനകം പ്രവർത്തനം ആരംഭിച്ച് കഴിഞ്ഞു. അവശേഷിക്കുന്ന ഐടിഐകളിലും സന്നദ്ധ സേവനത്തിന് അഭിരുചിയുള്ള ട്രെയിനികളെ ഉൾപ്പെടുത്തി നൈപുണ്യ കർമ്മസേന യൂണിറ്റുകൾ രൂപീകരിച്ച് രജിസ്റ്റർ ചെയ്യുന്നതിനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയ്ക്ക് 31.12.2020 ന് മുൻപ് ശുപാർശ സമർപ്പിക്കേണ്ടതും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ഇവ പരിശോധിച്ച് 10.01.2021 ന് മുൻപായി ഐ ടി ഐ തല യൂണിറ്റുകൾക്ക് അംഗീകാരം നൽകുന്നതിന്, ശുപാർശകൾ വകുപ്പ് തല മോണിറ്ററിംഗ് കമ്മിറ്റിയ്ക്കും നൽകേണ്ടതാണ്.നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദേശങ്ങൾ (SOP) ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.

വിശ്വസ്തതയോടെ,

**ട്രെയിനിംഗ് ഡയറക്ടർ**

**File No.LBRD-C2/106/2020-LBRD**

"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സി2/106/2020/തൊഴിൽ

28/10/2020,തിരുവനന്തപുരം

ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

ട്രെയിനിംഗ് ഡയറക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലനം - നൈപുണ്യ കർമ്മ സേനയുടെ രൂപീകരണം- Standard Operating Procedure(SOP) അംഗീകാരം നൽകുന്നത് -സംബന്ധിച്ച്.

സൂചന:- 1) താങ്കളുടെ 10.8.2020, 14.9.2020 എന്നീ തീയതികളിലെ ഡിടി/1715/2020/ ഐ2 നമ്പർ കത്തുകൾ
2) താങ്കൾ 16.10.2020 ൽ സമർപ്പിച്ച പുതുക്കിയ Standard Operating Procedure (SOP)

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ കളിലെ സാങ്കേതിക പരിജ്ഞാനം ആർജ്ജിച്ച ട്രെയിനികളെ ഉൾപ്പെടുത്തികൊണ്ട് നൈപുണ്യ കർമ്മസേന രൂപീകരിക്കുന്നതിനായി നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനരീതി സംബന്ധിച്ച സൂചന 2 പ്രകാരം സമർപ്പിച്ച പുതുക്കിയ Standard Operating Procedure (SOP) (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) സർക്കാർ അംഗീകരിച്ച വിവരം അറിയിക്കുന്നു

വിശ്വസ്തതയോടെ,
**ആർ എസ് രൂസി**
**അണ്ടർ സെക്രട്ടറി**
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ
Signature Not Verified
Digitally signed by BINDUMOL THOMAS
Date: 2020.10.28 16:10:38 IST
Reason: Approved
സെക്ഷൻ ഓഫീസർ.

16 OCT 2020

## നൈപുണ്യ കർമ്മസേന

**പശ്ചാത്തലം**

2018 ലെ പ്രളയ ദുരന്തത്തിനു ശേഷമുള്ള പുനരധിവാസ പ്രവർത്തനങ്ങളിൽ വീടുകളിലെ ഇലക്ട്രിക്കൽ, പ്ലംബിംഗ് , കാർപെൻററി, വയറിംഗ് തകരാറുകൾ പരിഹരിക്കുന്നതിനും, വാസയോഗ്യമാക്കുന്നതിനും വ്യാവസായിക പരിശീലന വകുപ്പിലെ ഇൻസ്ട്രകടർമാർ, ട്രെയിനികൾ, മുൻകാല ട്രെയിനികൾ എന്നിവരെ ഉൾപ്പെടുത്തി സാങ്കേതിക ജ്ഞാനവും നൈപുണ്യശേഷിയുമുള്ള നൈപുണ്യ കർമ്മ സേന എന്ന പേരിൽ ഒരു സന്നദ്ധ സേന രൂപികരിച്ചിരുന്നു. ആറായിരത്തോളം ഭവനങ്ങളുടെയും,വിവിധ സർക്കാർ സ്ഥാപനങ്ങളുടെയും സാങ്കേതിക തകരാറുകൾ പരിഹരിക്കുന്നതിനും, വിവിധ സ്ഥലങ്ങളിൽ നടത്തിയ മേളകളിലൂടെ ഗാർഹിക ഉപകരണങ്ങളുടെ തകരാറുകൾ പരിഹരിച്ചു നൽകുന്നതിനും ടി. സന്നദ്ധ സേനക്ക് സാധിച്ചിരുന്നു. 2018,2019 വർഷങ്ങളിലെ പ്രളയ ദുരന്ത കാലത്ത് നൈപുണ്യ കർമ്മ സേനകളുടെ പ്രവർത്തനം .മുക്തകണ്ഠ പ്രശംസ നേടിയിരുന്നു.

ഐ.ടി.ഐ കളിലെ സാങ്കേതിക ജ്ഞാനവും നൈപുണ്യ ശേഷിയുള്ള ജീവനക്കാരുടെയും ട്രെയിനികളുടെയും മനുഷ്യ വിഭവശേഷി, പൊതു സമൂഹത്തിനു പ്രയോജനപ്പെടുന്ന നിലയിൽ പൊതു ആവശ്യങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന സാമൂഹ്യ പ്രതിബദ്ധയുള്ള പ്രവർത്തനങ്ങൾക്കും ഉപയോഗിക്കാവുന്നതാണെന്നും ആയത് സമൂഹത്തിനു എന്നത് പോലെ ഐ.ടി.ഐ യിൽ പരിശീലനത്തിൽ ഏർപ്പെടുന്ന ട്രെയിനികൾക്ക് അവരുടെ നൈപുണ്യ ശേഷി പരിപോഷിപ്പിക്കുന്നതിനും സഹായകമാകും എന്ന് പ്രളയ ദുരന്ത കാലത്തെ നൈപുണ്യ കർമ്മ സേനയുടെ പ്രവർത്തനങ്ങൾ തെളിയിച്ചു. ടി സാഹചര്യത്തിൽ നൈപുണ്യ കർമ്മസേന ഒരു സ്ഥിര സംവിധാനമായി നിലനിർത്തുന്നതിനു സർക്കാർ തീരുമാനിച്ചു.

**ലക്ഷ്യം**

വ്യാവസായികപരിശീലന വകുപ്പിലെ ജീവനക്കാരുടെയും ട്രെയിനികളുടെയും നൈപുണ്യ ശേഷിയും സാകേതിക ജ്ഞാനവും സാമൂഹിക ആവശ്യങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനു ഒരു സ്ഥിരം സമ്വിധാനം സൃഷ്ടിക്കുക

## ഘടന

**എ. വകുപ്പുതല മോണിറ്ററിംഗ് സമിതി**

**രക്ഷധികാരി : വകുപ്പ് മേധാവി**

**അംഗങ്ങൾ**

1 . അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ് (ആസ്ഥാന കാര്യാലയം ) (ചെയർമാൻ)

2. ജോയിൻറ് ഡയറക്ടർ ഓഫ് ട്രെയിനിംഗ് (ആസ്ഥാന കാര്യാലയം )

3.ജോയിൻറ് ഡയറക്ടർ ഓഫ് ട്രെയിനിംഗ് (മേഖലാ കേന്ദ്രം ,കണ്ണൂർ)

4. ഡെപ്യൂട്ടി ഡയറക്ടർ (പ്ലാനിംഗ്)

5 ഡെപ്യൂട്ടി ഡയറക്ടർ (ട്രെയിനിംഗ്)

6. സ്റ്റേറ്റ് അപ്രൻറിസ്ഷിപ്പ് അഡ്വൈസർ

7 സീനിയർ സൂപ്രണ്ട് (പ്ലാനിംഗ് സെക്ഷൻ, ആസ്ഥാന കാര്യാലയം)

8 സീനിയർ സൂപ്രണ്ട് (അക്കൗണ്ട്സ് സെക്ഷൻ, ആസ്ഥാന കാര്യാലയം)

9 ജൂനിയർ അപ്രൻറ്റിസ്ഷിപ്പ് അഡ്വൈസർ (ടെക്ക്നിക്കൽ) (ആസ്ഥാന കാര്യാലയം )

10. ജൂനിയർ അപ്രൻറ്റിസ്ഷിപ്പ് അഡ്വൈസർ (കാറ്ററിംഗ്) (ആസ്ഥാന കാര്യാലയം )

11. ടെക്ക്നിക്കൽ അസിസ്സ്റ്റൻറ് (ആസ്ഥാന കാര്യാലയം )

12. പ്ലാനിംഗ് സെക്ഷൻ ചുമതലപ്പെടുത്തുന്ന ക്ലാർക്ക്

**ചുമതലകൾ**

1. നൈപുണ്യ കർമ്മ സേനയുടെ ഐടിഐ തല യൂണിറ്റുകൾക്ക് രെജിസ്ട്രേഷൻ നൽകൽ

2.ജില്ലാതല സമിതികളുടെയും ഐടിഐ തല യൂണിറ്റുകളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തുക, നൈപുണ്യകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗ നിർദേശങ്ങൾ നൽകൽ.

3. നൈപുണ്യകർമ്മ സേനയുടെ ജില്ലാതല/യൂണിറ്റ് തല പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർഷിക ആഡിറ്റിംഗ് നടത്തൽ

4. വകുപ്പ് തല സമിതി വർഷത്തിൽ ഒരു തവണ വർഷിക അവലോകന യോഗം ചേർന്ന് യൂണിറ്റുകളുടെ വാർഷിക പ്രവർത്തന റിപ്പോർട്ട് പരിശോധിക്കേണ്ടതും വരവ് ചെലവുകൾ പരിശോധന നടത്തി അമ്ഗീകരിക്കേണ്ടതുമാണ്

5. ഓരോ വർഷത്തെയും മികച്ച യൂണിറ്റിനെ തിരഞ്ഞെടുത്ത് അവാർഡ് നൽകൽ

**ബി. ജില്ലാതല മോണിറ്ററിംഗ് സമിതി**

**<u>രക്ഷാധികാരി : ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ്</u>**

**അംഗങ്ങൾ**

1. നോഡൽ ഐടിഐ പ്രിൻസിപ്പാൾ (ചെയർമാൻ)
2. ജില്ലയിലെ എല്ലാ ഐടിഐ പ്രിൻസിപ്പാൾമാരും
3. നോഡൽ ഐടിഐ-ലെ വൈസ് പ്രിൻസിപ്പാൾ
4. നോഡൽ ഐടിഐ-ലെ സീനിയർ സൂപ്രണ്ട്
5. നോഡൽ ഐടിഐ പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുന്ന ടി സ്ഥാപനത്തിലെ ക്ലാർക്ക്
6. വകുപ്പ് തല മോണിറ്ററിംഗ് സമിതി നിശ്ചയിക്കുന്ന ജില്ലാ കോഡിനേറ്റർ

വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ജില്ലാ തല മോണിറ്ററിംഗ് സമിതി യോഗം ചേരേണ്ടതാണ്

**<u>ചുമതലകൾ</u>**

1. ഐടിഐ തല യൂണിറ്റുകൾക്ക് അംഗീകാരം നല്കുന്നതിനു വകുപ്പ് തല മോണിറ്ററിംഗ് സമിതിക്ക് ശുപാർശ നൽകൽ
2. ഐടിഐ തല യൂണിറ്റുകൾ സമർപ്പിക്കുന്ന നൈപുണ്യകർമസേനയുടെ പ്രവർത്തന സംബന്ധമായ പ്രോജക്ടുകൾ അംഗീകരിക്കൽ
3. യൂണിറ്റുകളുടെ പ്രവർത്തനം പരിശോധിച്ച് മികച്ച യൂണിറ്റിനെ കണ്ടെത്തുന്നതിനുള്ള ശുപാർശ വകുപ്പ് തല മോണിറ്ററിംഗ് സമിതിക്ക് നൽകൽ
4. ജില്ലാ തലത്തിൽ ഇടപെടൽ ആവശ്യമായ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല നിർവ്വഹിക്കൽ
5. ഐടിഐ തല യൂണിറ്റുകളുടെ വരവ്-ചെലവുകൾ പരിശോധിക്കൽ.
6. ഐടിഐ മോണിറ്ററിംഗ് സെൽ ലഭ്യമാക്കുന്ന ബില്ലുകളിലെ തുക മാറിനൽകൽ

**<u>മറ്റു ചുമതലകൾ</u>**

ഈ സംരംഭം ഒരു സ്ഥിര സംവിധാനമാക്കുന്നതിന് എല്ലാ ജില്ലയിലെയും നോഡൽ ഐ.ടി.ഐ കേന്ദ്രീകരിച്ച് ജില്ലാ ഓഫീസിന് രൂപം നൽകുകയും പ്രസ്തുത ഓഫീസ് മുഴുവൻ സമയവും പ്രവർത്തന സജ്ജമാക്കുന്നതിനു എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കുകയും വേണം . ആവശ്യമായ പണി ഉപകരണങ്ങൾ സജ്ജമാക്കേണ്ടതുണ്ട്. ഈ ഉപകരണങ്ങളിൽ പ്ലബിംഗ്, ഇലക്ട്രിക്കൽ,കാർപെൻറർ, വെൽഡിംഗ്, ഇലക്ട്രോണിക്സ്, പെയിൻറംഗ് മുതലായ ജോലികൾക്കാവശ്യമായ ഉപകരണങ്ങൾ ഉണ്ടായിരിക്കണം.ടി ഉപകരണങ്ങളുടെ

സൂക്ഷിപ്പ് ചുമതല ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർ വഹിക്കേണ്ടതാണ്. ഇത്തരത്തിൽ സമാഹരിക്കേണ്ട ഉപകരണങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.

സംഭാവനകളായി ലഭിക്കാവുന്ന ഉപകരണങ്ങളും രേഖാമൂലം സ്റ്റോക്കിൽ ചേർക്കേണ്ടതാണ്.തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ,മറ്റു സർക്കാർ ,സർക്കാർ ഇതര ഏജൻസികൾ എന്നിവരിൽ നിന്നും ഇത്തരത്തിൽ പണി ഉപകരണങ്ങൾ സ്വീകരിക്കാവുന്നതാണ്.നൈപുണ്യ കർമ്മ സേനയുടെ പ്രവർത്തന മേഖലകളിലെ യാത്രകൾക്ക് വ്യാവസായിക പരിശീലനവകുപ്പിൻറെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ഉപയോഗിക്കാവുന്നതാണ്.

**<u>ഐടിഐ തല മോണിറ്ററിംഗ് സമിതി</u>**

**<u>അംഗങ്ങൾ</u>**

1. പ്രിൻസിപ്പാൾ
2. വൈസ് പ്രിൻസിപ്പാൾ/ ഗ്രൂപ്പ് ഇൻസ്ട്രക്ടർ
3. ഗ്രൂപ്പ് ഇൻസ്ട്രക്ടർ/ഇൻസ്ട്രക്ടർ
4. സീനിയർ സൂപ്രണ്ട് /ജൂനിയർ സൂപ്രണ്ട്
4. ഐടിഐ-ലെ നൈപുണ്യ കർമ്മസേനയുടെ യൂണിറ്റിൻറെ നോഡൽ ഓഫീസർ
5. ട്രെയിനിംഗ് സെക്ഷൻ കൈകാര്യം ചെയ്യുന്ന ക്ലാർക്ക്
6. ട്രെയിനീസ് കൗൺസിൽ പ്രതിനിധി
7. പി ടി എ പ്രതിനിധി

**<u>ചുമതലകൾ</u>**

1. ഒരു ട്രേഡിൽ കുറഞ്ഞത് 5 ട്രെയിനികളെങ്കിലും ഉൾപ്പെടുന്ന നൈപുണ്യകർമ്മ സേന യൂണിറ്റുകൾ രൂപീകരിക്കൽ (സന്നദ്ധ സേവനത്തിനു അഭിരുചിയുള്ള ട്രെയിനികളെയായിരിക്കണം യൂണിറ്റിൽ ഉൾപ്പെടുത്തേണ്ടത്)
2. യൂണിറ്റുകളുടെ രെജിസ്ട്രേഷനു ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിക്ക് അപേക്ഷ നൽകൽ
3. യൂണിറ്റ് തലത്തിൽ പ്രവർത്തികളുടെ രൂപരേഖ തയ്യാറാക്കി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുക
4 വാർഷിക സഹവാസ ക്യാമ്പുകൾ നടത്തൽ
5. ആവശ്യഘട്ടങ്ങളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുമതിയോടെ അസംസ്കൃത വസ്തുക്കൾ , ലഘു ഉപകരണങ്ങൾ എന്നിവയുടെ സംഭരണം

6 വാർഷിക വരവ് ചിലവുകളുടെ ഓഡിറ്റിംഗ്

**നൈപുണ്യ കർമ്മ സേന യൂണിറ്റ്**

പ്രിൻസിപ്പാൾ ചുമതലപ്പെടുത്തുന്ന സേവന സന്നദ്ധനായ ജീവനക്കാരൻ നോഡൽ ഓഫീസറായി ട്രേഡ് ഇൻസ്ട്രക്ടർമാർ ,സേവന സന്നദ്ധരായ ട്രെയിനികൾ എന്നിവരടങ്ങുന്നതായിരിക്കും നൈപുണ്യ കർമ്മസേനയുടെ യൂണിറ്റ്. കാർപെൻറർ ,ഇലക്ട്രീഷ്യൻ, വയർമാൻ, ഇലക്ട്രോണിക്ക് മെക്കാനിക്, ടെക്ക്നീഷ്യൻ പവർ ഇലക്ട്രോണിക് സിസ്റ്റം ,മെക്കാനിക് കൺസ്യൂമർ ഇലക്ട്രോണിക് അപ്ലയൻസ് ,പ്ലംബർ, വെൽഡർ ,മെക്കാനിക് റെഫ്രിജെറേഷൻ & എയർ കണ്ടീഷനിംഗ് എന്നീ ട്രേഡുകളിലെ ട്രെയിനികൾക്ക് ആയിരിക്കണം നൈപുണ്യകർമ്മ സേനയിൽ അംഗത്വം നൽകേണ്ടത്. വകുപ്പ് തല മോണിറ്ററിംഗ് സമിതിക്ക് കൂടുതൽ ട്രേഡുകൾ കൂട്ടിച്ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും അധികാരമുണ്ടായിരിക്കും

**എ.** പ്രവർത്തികളുടെ ഏകോപനം , നൈപുണ്യകർമ്മസേനയുടെ പ്രവർത്തന സ്ഥലത്തേക്കും തിരികെയും ഉള്ള യാത്ര, ഭക്ഷണം, അവശ്യ സന്ദർഭങ്ങളിലെ താമസം എന്നിവ നൈപുണ്യ കർമ്മ സേന യൂണിറ്റ് നോഡൽ ഓഫീസറുടെ ചുമതലയായിരിക്കും

**ബി.** ഏറ്റെടുക്കുന്ന പ്രവർത്തികളുടെ സ്വഭാവം അനുസരിച്ച് ഒന്നിലധികം ഇൻസ്ട്രക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്

**സി.** ഓരോ യൂണിറ്റും വർഷത്തിൽ കുറഞ്ഞത് നാല് പ്രവർത്തികൾ എങ്കിലും ഏറ്റെടുക്കേണ്ടതാണ്

**ഡി.** നിർവ്വഹിക്കുന്ന ഓരോ പ്രവർത്തിയുമായും ബന്ധപ്പെട്ട് ജില്ലാതല മോണിറ്ററിംഗ് സമിതിയിൽ നിന്നും കൈപ്പറ്റുന്നതും ജില്ലാതല മോണിറ്ററിംഗ് സമിതിയുടെ അനുമതിയോടെ സംഭരണം നടത്തുന്നതുമായ കൺസ്യൂമബിൾ ,മറ്റുപകരണങ്ങൾ എന്നിവയുടെ വിവരങ്ങൾ നൈപുണ്യ കർമ്മ സേന യൂണിറ്റ് നോഡൽ ഓഫീസർ രെജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

**ഇ.** പ്രവർത്തി സംബന്ധമായ ചിലവുകൾ സംബന്ധിച്ച വൗച്ചറുകൾ.റെസീപ്റ്റുകൾ എന്നിവ നോഡൽ ഓഫീസർ ,യൂണിറ്റിൻറെ ഭാഗമായി പ്രവർത്തിക്കുന്ന ഇൻസ്ട്രക്ടർ എന്നിവർ സാക്ഷ്യപ്പെടുത്തി ഐടിഐ പ്രിൻസിപ്പാളിനു നൽകേണ്ടതാണ്.

**എഫ്.** നൈപുണ്യകർമ്മ സേന അംഗങ്ങൾ പ്രവർത്തി സമയത്ത് യൂണിഫോം ,സുരക്ഷ ഉപകരണങ്ങൾ എന്നിവ ധരിച്ചിരിക്കണം . വെള്ള നിറത്തിലുള്ള സേഫ്റ്റി ഹെൽമറ്റ് , ഗംബൂട്ട് , കോഫി ബ്രൗൺ നിറത്തിലുള്ള യൂണിഫോം (Cover All) ഇൻസ്ട്രക്ടർമാർക്കും മഞ്ഞ നിറത്തിലുള്ള സേഫ്റ്റി ഹെൽമറ്റ് , ഗംബൂട്ട് , നേവി ബ്ലൂ

നിറത്തിലുള്ള യൂണിഫോം (Cover All) എന്നിവ ട്രെയിനികൾക്കും ഉപയോഗിക്കാവുന്നതാണ്

**പ്രവർത്തന മേഖലകൾ**

1. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/സർക്കാർ ആശുപത്രികൾ
2. സർക്കാർ സ്കൂളുകൾ/ ഓഫീസുകൾ
3. അംഗനവാടികൾ
4. സർക്കാരിൻറെ സാമ്പത്തിക സഹായത്തോടെകൂടി നിർമ്മാണം പൂർത്തികരിച്ച ഭവനങ്ങളിലെ പ്ലംബിംഗ് ,ഇലക്ട്രിക് തകരാറുകൾ പരിഹരിക്കൽ
5. പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകരണവും അനുബന്ധ പ്രവർത്തനങ്ങളും.
6. പബ്ലിക് ലൈബ്രറികളിലെ ഇലക്ട്രിക്കൽ ,കാർപെൻററി തകരാറുകൾ പരിഹരിക്കൽ.
7. പൊതു സമൂഹത്തിനു പ്രയോജനപ്പെടുന്ന മറ്റു പദ്ധതികൾ.

**സർക്കാർവകുപ്പുകളുമായും സർക്കാർ ഏജൻസികളുമായും ചേർന്നുള്ള പ്രവർത്തനങ്ങൾ**

തദ്ദേശ സ്വയംഭരണ വകുപ്പ് , ഹരിതമിഷൻ കേരളം എന്നിവയുടെ സാമൂഹ്യ പ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങളിൽ നൈപുണ്യ കർമ്മ സേനയുടെ സേവനം ലഭ്യമാക്കവുന്നതാണ്. സേനയുടെ പ്രവർത്തനം ആവശ്യമുള്ള മേഖലകൾ കണ്ടെത്തി നൈപുണ്യകർമ്മ സേനയുടെ ജില്ലാ മോണിറ്ററിംഗ് സമിതിയെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ഹരിതമിഷൻ കേരളം ജില്ലാ കോഡിനേറ്റർ രേഖാമൂലം അറിയിക്കേണ്ടതാണ്. നൈപുണ്യ കർമ്മസേനയുടെ ജില്ലാ കോഡിനേറ്റർ ടി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്ന ട്രെയിനികളുടെയും ജീവനക്കാരുടെയും വിവരങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

ടി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട യാത്ര ,ഭക്ഷണം , അറ്റകുറ്റപ്പണികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ എന്നിവയുടെ ചിലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ഹരിതമിഷൻ കേരളം വഹിക്കേണ്ടതാണ്..

ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ/മറ്റ് സർക്കാർ ഏജൻസികൾ എന്നിവക്ക് മേൽ വ്യവസ്ഥയിൽ അവശ്യ ഘട്ടങ്ങളിൽ നൈപുണ്യ കർമ്മ സേനയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്

സംസ്ഥാന സർക്കാരിന്റെ അനുമതിയോട് കൂടി അവശ്യ സന്ദർഭങ്ങളിൽ മറ്റു സംസ്ഥാനങ്ങളിലെ ദുരന്ത നിവാരണ പുനരധിവാസ പ്രവർത്തനങ്ങളിൽ നൈപുണ്യ കർമ്മസേനയുടെ സേവനം ലഭ്യമാക്കാവുന്നതാണ്

## ഫണ്ട് ചെലവഴിക്കൽ

സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ആവശ്യം നിശ്ചയിച്ച് അടിസ്ഥാന പണിയായുധങ്ങൾ , യൂണിഫോം ,ഫസ്റ്റ് എയ്ഡുകൾ,സേഫ്റ്റി ഉപകരണങ്ങൾ എന്നിവ ജില്ലാടിസ്ഥാനത്തിൽ സംഭരണം നടത്തുന്നതിനു ജില്ലാ നോഡൽ ഓഫീസറെ ചുമതലപ്പെടുത്താവുന്നതാണ്. മെയിൻറനൻസിനാവശ്യമായ അസംസ്കൃത വസ്തുക്കൾ സംഭരണത്തിനു ഒരു സാമ്പത്തിക വർഷം പരമാവധി 15000/ - രൂപയുടെ വിനിയോഗിക്കുന്നതിനു നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന് അധികാരമുണ്ടായിരിക്കും. ഇതിൽ കൂടുതൽ തുക ആവശ്യമാണ് എങ്കിൽ വകുപ്പിലെ മോണിറ്ററിംഗ് സെല്ലിൻറെ അനുമതി വാങ്ങേണ്ടതാണ്.

നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട മെയിൻറനൻസ് നടത്തുന്നതിനാവശ്യമായ കൺസ്യൂമബിൾസ് ,റോ മെറ്റിരിയൽസ് എന്നിവ ഗുണഭോക്താവിൻറെ സഹായത്തോടെ സംഭരണം നടത്താൻ സാധിക്കുമോ എന്നു പരിശോധിക്കേണ്ടതാണ്.

നൈപുണ്യ കർമ്മസേനയിലെ അംഗങ്ങൾക്ക് ഭക്ഷണത്തിലേക്കായി ദിവസം പരമാവധി 150/-രൂപ ഒരാൾക്ക് എന്ന നിലയിൽ ഉപയോഗിക്കാവുന്നതാണ്. എന്നാൽ പ്രവർത്തനത്തിൻറെ ഗുണഭോക്താവ് ഭക്ഷണം ലഭ്യമാക്കാൻ സന്നദ്ധമാണോ എന്നത് കൂടി പരിശോധിച്ചതിനു ശേഷം മാത്രമെ കോഡിനേറ്റർ ഭക്ഷണസംഭരണത്തിനു നടപടികൾ സ്വീകരിക്കാൻ പാടുകയുള്ളു.

## രജിസ്റ്ററുകൾ

1. ഓരോ ഐടിഐ-ലും നൈപുണ്യ കർമ്മസേനയിലെ ഓരോ അക്കാദമിക് വർഷത്തെയും സ്റ്റാഫ്/ട്രെയിനി അംഗങ്ങളുടെയും വിവരങ്ങൾ താഴെപ്പറയുന്ന മാതൃകയിൽ രേഖപ്പെടുത്തി സ്ഥാപനത്തിലെ നൈപുണ്യകർമ സേനയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്

| Sl No | Name of ITI | Name of NKS Member with | Staff/Trainee | Date of | Date of Removal |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | Communication Adress ,Phone Number, Emeil id | | Enrollment as NKS Member | from NKS Membership |
| | | | | | |

2. ഓരൊ NKS യൂണിറ്റും പങ്കെടുത്ത പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരങ്ങൾ താഴെപ്പറയുന്ന മാതൃകയിൽ രേഖപ്പെടുത്തി സ്ഥാപനത്തിലെ നൈപുണ്യകർമ്മ സേനയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ സൂക്ഷിക്കേണ്ടതാണ്.

| SL NO | Nature of Work | Period of work | Place of work | Local body | Name of Participants Trainee | Name of Participants Staff | Name of Coordinator |
|---|---|---|---|---|---|---|---|
| | | | | | | | |

3. നൈപുണ്യ കർമ്മ സേനയുടെ ജില്ലാ തല പ്രവർത്തന സംബന്ധമായ വിവരണങ്ങൾ താഴെപറയുന്ന മാത്യകയിൽ തയ്യാറാക്കി ജില്ല കോഡിനേറ്റർ സൂക്ഷിക്കേണ്ടതാണ്

| SL NO | Nature of Work | Period of work | NKS UNIT | Place of work | Local body | No of Participants Trainee | No of Participants Staff | Name of Coordinator |
|---|---|---|---|---|---|---|---|---|
| | | | | | | | | |

## ഓൺലൈൻ സംവിധാനം

നൈപുണ്യ കർമ്മ സേനയുടെ പ്രവർത്തനങ്ങളുടെ ക്രോഡീകരണത്തിനായി വ്യാവസായിക പരിശീലന വകുപ്പ് ഒരു ഓൺലൈൻ പോർട്ടൽ സജ്ജീകരിക്കുന്നതാണ്.

## പ്രവർത്തനറിപ്പോർട്ട്

ഓരോ മാസത്തെയും പ്രവർത്തനങ്ങൾ സംബന്ധിച്ച് റിപ്പോർട്ട് കോർഡിനേറ്റർ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളിന് ലഭ്യമാക്കേണ്ടതാണ്. ആയത് പരിശോധന നടത്തി സ്റ്റേറ്റ് മോണിറ്ററിംഗ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്.

പ്രകൃതിക്ഷോഭം മുതലായ സാഹചര്യങ്ങളിൽ സ്റ്റേറ്റ് മോണിറ്ററിംഗ് സെല്ലിൻറെ അനുമതിയോടു കൂടിയായിരിക്കണം നൈപുണ്യ കർമ്മസേനയുടെ പ്രവർത്തനങ്ങൾ ഏകോപ്പിക്കേണ്ടത്.

## പ്രവർത്തന മികവിന് അംഗീകാരം

1. ഓരോ വർഷവും മികച്ച പ്രവർത്തനം കാഴ്ചവക്കുന്ന യൂണിറ്റിന് സംസ്ഥാനതല അംഗീകാരം നൽകണം.

2. സ്തുത്യർഹ സേവനം നടത്തുന്ന നൈപുണ്യകർമ്മ സേനാംഗങ്ങൾക്ക് (സ്റ്റാഫ് / ട്രെയിനി) വകുപ്പ് തല മോണിറ്ററിംഗ് കമ്മിറ്റി നൽകണം

3. നൈപുണ്യകർമ്മ സേനയിൽ അംഗങ്ങളായ ട്രെയിനികൾക്ക് സെഷണൽ മാർക്കായി 10 മാർക്ക് നൽകണം

## ഉപസംഹാരം

തൊഴിൽ പരിശീലനത്തിനായി ഐടിഐകളിലെത്തുന്ന ട്രെയിനികളുടെ നൈപുണ്യശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം സാമൂഹിക പ്രതിബദ്ധതയുള്ള പൗരൻമാരായി വളർത്തിയെടുക്കുന്നതിനു നൈപുണ്യകർമ്മ സേനക്ക് കഴിയും